**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** **07-10-2024 - ൽ മറുപടിയ്ക്ക്**

**കനാൽ നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഏതൊക്കെ കനാലുകളാണ് കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത കനാലുകളുടെ ആകെ നീളം, ഇവയുടെ ആരംഭം, അവസാനം എന്നിവ സംബന്ധിച്ച തരം തിരിച്ച് വ്യക്തമാക്കുമോ; ഈ പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏത് ഏജൻസിക്കാണ് നിർമ്മാണ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | കൊച്ചി നഗരത്തിലെ 6 കനാലുകളുടെ പുനരുജ്ജീവനത്തിനായുള്ള ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയിൽ എറണാകുളം നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന താഴെ കൊടുത്തിരിക്കുന്ന 4 കനാലുകളാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>1. ചിലവന്നൂർ കനാൽ -<br><br>ആകെ നീളം 11.50 കി.മീ (വടക്ക് അമൃത ഹോസ്പിറ്റലിൽ നിന്നും ആരംഭിച്ച് തെക്ക് ചിലവന്നൂർ ടാങ്ക് ബണ്ട് റോഡിൽ അവസാനിക്കുന്നു.)<br><br>2. പേരണ്ടൂർ കനാൽ -<br><br>ആകെ നീളം 10.00 കി.മീ (വടക്ക് പേരണ്ടൂർ റെയിൽവേ പാലത്തിൽ നിന്നും ആരംഭിച്ച് തെക്ക് തേവര കനാലിൽ അവസാനിക്കുന്നു.)<br><br>3.തേവര കനാൽ -<br><br>ആകെ നീളം 1.50 കി.മീ (കിഴക്ക് തേവര കായലിൽ നിന്നും ആരംഭിച്ച് പടിഞ്ഞാറ് കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ അവസാനിക്കുന്നു.)<br><br>4. മാർക്കറ്റ് കനാൽ - ആകെ നീളം 660 മീറ്റർ (എറണാകുളം മാർക്കറ്റ് ബാനർജി റോഡിൽ നിന്നും ആരംഭിച്ച് മറൈൻ ഡ്രൈവിൽ അവസാനിക്കുന്നു.)<br><br>പ്രസ്തുത പദ്ധതിക്കുവേണ്ടി 1528 കോടി രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) നാണ് നിർമ്മാണ ചുമതല നൽകിയിരിക്കുന്നത് . |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതിയുടെ ഭാഗമായി ഓരോ കനാലിലും എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ | (ബി) | നിലവിൽ, കനാൽ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ച കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്കായി കനാലുകളുടെ വീതി വർദ്ധിപ്പിക്കേണ്ടി വരുമെങ്കിൽ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് വീതി നിർണ്ണയിക്കുന്നതെന്നും ഇതിനായി ഓരോ കനാലിന്റെയും വശങ്ങളിൽ എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും അറിയിക്കുമോ; | | സ്ഥലമേറ്റെടുപ്പ് ആവശ്യമില്ലാത്ത മാർക്കറ്റ് കനാൽ നവീകരണത്തിനായി ലഭ്യമായിട്ടുള്ള ടെണ്ടറുകൾ പരിശോധിച്ചുവരികയാണ്. കൂടാതെ, ചിലവന്നൂർ കനാലിലെ ബണ്ട് റോഡ് പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>പ്രസ്തുത കനാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കനാലുകളുടെ നീളവും ആഴവും വീതിയും വർദ്ധിപ്പിച്ച് കനാൽ തീരങ്ങൾ സൗന്ദര്യവത്ക്കരിക്കുകയും, പാലങ്ങൾ വീതി കൂട്ടി പുതുക്കി നിർമ്മിക്കുകയും, മലിനജല സംസ്കരണത്തിനായി 4 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്.<br><br>പദ്ധതി നടപ്പിലാക്കുന്നതോടുകൂടി, മേൽപ്പറഞ്ഞ കനാലുകളുടെ ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്റർ ആകുകയും എല്ലാ കനാലുകളുടെയും ഇരുകരകളിലും ചുരുങ്ങിയത് 2 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതുമാണ്. കനാലുകളുടെ വെള്ളപ്പൊക്ക സമതല/ ഹൈഡ്രോളിക് പഠനത്തിന്റേയും ജല ഗതാഗത മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് പ്രസ്തുത വീതി നിർണ്ണയിച്ചിട്ടുള്ളത്. |
| (സി) | ഇതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയോയെന്നും സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; പദ്ധതിയുടെ പൂർത്തീകരണ കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കനാലുകൾക്കായി ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിന് വേണ്ടി കനാൽ പുറമ്പോക്ക് അതിർത്തി നിർണ്ണയ സർവ്വെ ജോലികൾ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ ചിലവന്നൂർ കനാലിലും പേരണ്ടൂർ കനാലിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br><br>പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലമേറ്റെടുപ്പിനായി 566.51 കോടി രൂപയുടെ അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ജില്ലാ ഭരണകൂടം സ്ഥലമേറ്റെടുപ്പ് ജോലികൾ പൂർത്തിയാക്കി നിർമ്മാണ നിർവ്വഹണ ഏജൻസിക്ക് കൈമാറിയതിനുശേഷം, 3 വർഷ കാലാവധിയിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തുന്ന കനാൽ റിജുവനേഷൻ പദ്ധതിയും ഒന്നു തന്നെയാണോ എന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ബോട്ട് സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതി എന്നാണ് ഭരണാനുമതി നല്കിയ പദ്ധതിയുടെ പേര്. കനാൽ റിജുവനേഷൻ അതിന്റെ ഭാഗമാണ്. പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി കനാൽ ഉടനീളത്തിൽ ഗതാഗതത്തിനു യോഗ്യമാക്കുന്നതായിരിക്കും. ചിലവന്നൂർ കനാലിൽ ബണ്ട് റോഡ് മുതൽ എളംകുളം മെട്രോ സ്റ്റേഷൻ വരെ ബോട്ട് ഗതാഗതം |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്തിട്ടുണ്ട്. മാർക്കറ്റ് കനാലിൽ ബോട്ട് ഗതാഗതം വിഭാവനം ചെയ്തിട്ടില്ല. ബാക്കിയുള്ള കനാലുകളിൽ ബോട്ട് ഗതാഗതത്തിനുവേണ്ടി റെയിൽവേ പാലങ്ങൾ ഉയർത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ ജലഗതാഗതം വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ